പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

07.02.2019 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2396

## സിഡ്കോയിൽ സാമ്പത്തിക തട്ടിപ്പ് കണ്ടെത്തിയതായ റിപ്പോർട്ട്

ചോദ്യം
ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) ചെറുകിട വ്യവസായ വികസന കോർപ്പറേഷനിൽ (സിഡ്കോ) കോടികളുടെ സാമ്പത്തിക തട്ടിപ്പ് കണ്ടെത്തിയതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ; | (എ) : പരിശോധിച്ചിരുന്നു. |
| (ബി) കോർപ്പറേഷന് കിട്ടാനുണ്ടായിരുന്ന കോടികളുടെ കുടിശ്ശിക ചില സിഡ്കോ ഉദ്യോഗസ്ഥരും ഇടനിലക്കാരും ചേർന്ന് വ്യാജരേഖകൾ ചമച്ച് തട്ടിയെടുത്തതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) : ഉണ്ട്. |
| (സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ ;<br>(ഡി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ ;<br>(ഇ) എങ്കിൽ ഏത് ഏജൻസിക്കാണ് അന്വേഷണ ചുമതല ; അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ? | (സി), (ഡി) & (ഇ) : അക്കൗണ്ടന്റ് ജനറൽ (കേരള), 2012 - 2015 കാലയളവിലെ സിഡ്കോയുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കി പരിശോധിച്ചതിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണങ്ങൾക്ക് സർക്കാർ ഉത്തരവാകുകയും ചെയ്തു. ടി കാലയളവിൽ സിഡ്കോ ഏറ്റെടുത്ത് നടത്തിയ പല പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് നടത്തിയ ത്വരിതാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ VC2/2014/ SIU-II-TVPM, VC5/2018/SIU-I-TVPM, VC1/2015/PKD എന്നീ നമ്പർ വിജിലൻസ് കേസുകൾ മുൻ മാനേജിങ് ഡയറക്ടർ ശ്രീ. സജി ബഷീർ, സിഡ്കോയിലെ ചില ഉദ്യോഗസ്ഥർ |

എന്നിവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോഴും അന്വേഷണം നടന്നു വരുന്നു. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ സിഡ്കോയുടെ പ്രൊഡക്ഷൻ, മാർക്കറ്റിങ് എന്നീ ഡിവിഷനുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് സിഡ്കോ മാനേജ്മെന്റ് പ്രാഥമിക അന്വേഷണം നടത്തുകയും പ്രൊഡക്ഷൻ ഡിവിഷന്റെ കീഴിലുള്ള ഒല്ലൂർ സർവീസ് വർക്ക് ഷോപ്പിൽ സാമ്പത്തിക തിരിമറി കണ്ടെത്തുകയും ചെയ്തതിനെ തുടർന്ന് വിശദമായ അന്വേഷണത്തിന് പോലീസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു. ഇതുമായി ബന്ധപ്പെട്ട് രണ്ട് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറോട് 26/12/2018-ൽ സിഡ്കോ മാനേജ്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.